■ ലേഖനം

കെ.പി ഇസ്മാഈൽ

# പ്രബോധനം: കലയും ചുമതലയും

**പ്രബോധനം** അതിശ്രേഷ്ഠമായ കർമമാണ്. ‘ഒരാളെങ്കിലും നിന്നിലൂടെ സന്മാർഗം കണ്ടെത്തുന്നതാണ് ഭൗതിക സമ്പാദ്യങ്ങൾ നേടുന്നതിനേക്കാൾ നിനക്ക് പുണ്യം’ എന്ന് പ്രവാചകൻ(സ) പറഞ്ഞിട്ടുണ്ട്.

പ്രബോധനം എന്ന ചുമതല ഒരു കല കൂടിയാണ്. കല പരിശീലനത്തിലൂടെ നേടേണ്ടതാണ്. എങ്കിലും അത് പ്രയാസകരമായ കാര്യമല്ല. കർത്തവ്യബോധവും ഇഛാശക്തിയുമാണ് പ്രബോധകന്റെ മൂലധനം. ലളിതമായ ഒരു കാൽവെപ്പിൽനിന്നാണ് ഏതു മഹത്തായ സംഭവങ്ങളുടെയും തുടക്കം എന്ന വസ്തുത പ്രബോധകനെ പ്രചോദിപ്പിക്കേണ്ട അടിസ്ഥാന തത്ത്വമാണ്. ആഗ്രഹമുണ്ടെങ്കിൽ വഴിയുമുണ്ട്. കളത്തിലിറങ്ങാതെ ഒരു കാര്യവും പരിശീലിക്കാനാവില്ല. പരിശീലനത്തിനിടക്ക് പിഴവുകൾ സ്വാഭാവികമാണ്. പിഴവുകൾ പേടിച്ച് പിൻവലിയുന്നവർക്ക് ഒന്നും സ്വന്തമാക്കാനാവില്ല.

പ്രബോധനത്തിന്റെ ലോകത്തേക്ക് പ്രവേശിക്കാൻ അനേകം താക്കോലുകളുണ്ട്. ഏതാണ് സുവർണത്താക്കോൽ എന്ന് ഓരോരുത്തരും അനുഭവത്തിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഹൃദ്യമായ ഒരു പുഞ്ചിരിയാവാം ചിലപ്പോൾ ഉത്തമമായ ഒരു പ്രബോധന മാർഗം. പ്രബോധിതന്റെ ദുഃഖങ്ങളിൽ പങ്കുചേരുകയെന്നത് ഫലപ്രദമായ പ്രബോധനത്തിന് വഴിയൊരുക്കും. പ്രബോധകനായി ജീവിക്കുമ്പോഴേ നമ്മുടെ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും ആർദ്രതയും ആകർഷകത്വവും ഉണ്ടാകൂ. മനുഷ്യസ്നേഹത്തിന്റെ സഹജമായ ദൗർബല്യത്തെയും ആർദ്രതയെയും ഉത്തമമായ ചാലുകളിലേക്ക് തിരിച്ചുവിടാൻ കഴിയുന്നിടത്താണ് പ്രബോധകന്റെ വിജയം. ജീവിതപ്രശ്നങ്ങളിലും മാനസികസംഘർഷങ്ങളിലും പെട്ടുഴലുന്നവർക്ക് തണലും തുണയുമാകണം പ്രബോധകൻ. പ്രബോധനം ഫലപ്രദമാകണമെങ്കിൽ പ്രബോധിതന്റെ പ്രാഥമികാവശ്യങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. വയർ വിശന്നിരിക്കുമ്പോൾ, ശരീരം രോഗപീഡയാൽ പുളയുമ്പോൾ ഉപദേശങ്ങൾ തലയിൽ കയറുകയില്ല. ‘വിശക്കുന്ന വയറുകൾക്ക് കാതുകളില്ല.’

പ്രബോധനച്ചുമതലയെക്കുറിച്ച് ബോധമുള്ളവരും ബോധ്യമുള്ളവരുമാണ് പ്രസ്ഥാന പ്രവർത്തകർ. എന്നാൽ, അത് എങ്ങനെ ഫലപ്രദമായി നിർവഹിക്കണമെന്ന കാര്യത്തിൽ പലർക്കും വ്യക്തമായ രൂപമില്ല. എങ്ങനെ തുടങ്ങണമെന്നതാണ് പലരെയും അലട്ടുന്ന പ്രശ്നം. മുഖവുര നന്നായാൽ പാതി നന്നായി. സ്നേഹപൂർവമായ ഒരു വാക്കാണ് ഏറ്റവും നല്ല മുഖവുര എന്ന് സാമാന്യമായി പറയാം. ഇങ്ങനെ ഒരു തുടക്കം പരീക്ഷിച്ചുനോക്കാവുന്നതാണ്: “ഒരേ മാതാപിതാക്കളുടെ മക്കളാണ് നമ്മൾ. അതുകൊണ്ട് നമ്മൾ സഹോദരന്മാരാണ്. ഒരേ ലക്ഷ്യത്തിലേക്ക് അഥവാ മരണത്തിലേക്ക് അഥവാ ദൈവസന്നിധിയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരാണ്. അങ്ങനെ നമ്മൾ സഹയാത്രികരുമാണ്.”

ഏകദൈവത്വം (തൗഹീദ്), പ്രവാചകത്വം (രിസാലത്ത്), പാരത്രികജീവിതം (ആഖിറത്ത്) എന്നീ അടിസ്ഥാന വിഷയങ്ങളിലേക്ക് എളുപ്പം കടക്കാൻ ഈ മുഖവുര സഹായകമാകുമെന്ന് തോന്നുന്നു. പുസ്തകങ്ങൾ, ലേഖനങ്ങൾ, ലഘുലേഖകൾ, പ്രഭാഷണങ്ങൾ, ചിത്രീകരണങ്ങൾ എന്നിവയെല്ലാം പ്രബോധിതന്റെ ഹൃദയകവാടം തുറക്കാനുള്ള താക്കോലുകളാണ്. ഖുർആന്റെ വശ്യതയിൽ ആകൃഷ്ടരായാണ് പലരും സത്യത്തിന്റെ വെളിച്ചത്തിലേക്ക് വന്നത് എന്നത് ചരിത്രസത്യം. വർത്തമാനകാലത്തും അതുതന്നെയാണ് സത്യം. അതുകൊണ്ട് ഖുർആനിലേക്ക് ശ്രദ്ധ തിരിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്.

പ്രബോധനം രണ്ടുവിധത്തിൽ നിർവഹിക്കപ്പെടണം; ജീവിതത്തിലൂടെയും വാക്കുകളിലൂടെയും. പ്രബോധകന്റെ വാക്കുകളുടെ പ്രതിഫലനം അവന്റെ ജീവിതത്തിൽ കാണണമെന്നത് പ്രബോധന വിജയത്തിന്റെ അനിവാര്യതാൽപര്യമാണ്. യഥാർഥ മുസ്‌ലിമായി ജീവിക്കുകയാണ് സത്യസന്ധവും ഫലപ്രദവുമായ പ്രബോധനമെന്നത് നിസ്തർക്കമാണ്. ‘ആയിരം പേരുടെ പ്രസംഗം ഒരു മനുഷ്യനിൽ ചെലുത്തുന്നതിനേക്കാൾ വലിയ സ്വാധീനം ഒരുവന്റെ പ്രവൃത്തി ആയിരം പേരിൽ ചെലുത്തും’ എന്ന മഹദ്വചനം പ്രബോധകൻ എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. മുഹമ്മദ്: ലെഗസി ഓഫ് എ പ്രൊഫറ്റ്’ എന്ന ഡോക്യുമെന്ററിയിലൂടെ പ്രശസ്തനായ അലക്സാണ്ടർ ക്രോണിമറുടെ വാക്കുകൾ ശ്രദ്ധേയമാണ്: ‘ഇസ്‌ലാമിനുവേണ്ടി തനിക്ക് എന്തു സംഭാവന നൽകാനാവും എന്നാണ് ഓരോ വിശ്വാസിയും ചിന്തിക്കേണ്ടത്. നമ്മുടെ പ്രവൃത്തികൾ ഇസ്‌ലാമിന് ഹാനികരമായാണോ തീരുന്നത് എന്നും ആലോചിക്കണം. മറ്റു മതങ്ങളിൽനിന്ന് ഭിന്നമായി ഇസ്‌ലാമിനെ നിർവചിക്കുന്നത് അതിന്റെ അനുയായികളുടെ പെരുമാറ്റരീതികളാണ്. ചിലപ്പോഴവ അനുഗ്രഹമാവും. ചിലപ്പോൾ ഭാരവും. ഈ സത്യത്തിൽനിന്ന് നമുക്ക് ഒളിച്ചോടാനാവില്ല. അതിനാൽ ഓരോരുത്തരും സ്വയം ചോദിച്ചുകൊണ്ടിരിക്കുക: ‘എന്റെ പ്രവൃത്തി ഇസ്‌ലാമിനെ യഥാർഥമായാണോ അതോ വികൃതമായാണോ പ്രതിഫലിപ്പിക്കുന്നത്?’ പ്രബോധനത്തിന് എഴുതാത്ത പുസ്തകങ്ങളും എഴുതപ്പെട്ട പുസ്തകങ്ങളും ഉപയോഗിക്കണം. അഗതികൾക്ക് നൽകുന്ന സേവനമാണ് എഴുതപ്പെടാത്ത പുസ്തകം.

അത് വളരെ പ്രധാനപ്പെട്ടതാണ്. ലൈബ്രറികൾ നിറക്കുന്ന പുസ്തകങ്ങൾ മാത്രമല്ല വായിക്കപ്പെടുന്നത്. സേവനത്തിന്റെ എഴുതപ്പെടാത്ത താളുകളും ആളുകളെ സത്യത്തിലേക്ക് അടുപ്പിക്കുന്നു. കേൾക്കുന്ന സന്ദേശവും കാണുന്ന കാഴ്ചകളും തമ്മിൽ പൊരുത്തം കാണാൻ പ്രബോധിതന് സാധിക്കുമ്പോൾ മാത്രമേ സത്യസന്ദേശത്തിന് സ്വീകാര്യത ലഭിക്കൂ.

അടിസ്ഥാനപരമായി നല്ലവരും ശുദ്ധമനസ്സുള്ളവരുമാണ് പ്രബോധിതർ എന്ന ഉറച്ച വിശ്വാസമുണ്ടായിരിക്കണം. ഈ പാഠമാണ് നബിയുടെ ജീവിതം നമുക്ക് തരുന്നത്. പ്രബോധന പ്രവർത്തനങ്ങൾക്ക് ചെന്ന പ്രവാചകനെ ത്വാഇഫിലെ ജനങ്ങൾ കല്ലെറിഞ്ഞോടിച്ചു. ഏറെ പീഡിപ്പിക്കപ്പെട്ട ആ ഘട്ടത്തിൽ പോലും പ്രവാചകൻ പ്രാർഥിച്ചു: ' അല്ലാഹുവേ, ഇവർക്ക് പൊറുത്തുകൊടുക്കേണമേ. ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല.' പ്രവാചകന്റെ ഇതേ മനസ്സാണ് പ്രതിസന്ധിഘട്ടങ്ങളിൽ പ്രബോധകൻ മുറുകെപ്പിടിക്കേണ്ടത്.

ഇസ്‌ലാമിനെക്കുറിച്ച് തെറ്റായ ധാരണകൾ നിലനിൽക്കുന്നു. അതിൽ സത്യമുണ്ടോ എന്നന്വേഷിക്കേണ്ട ബാധ്യത സത്യാന്വേഷികൾക്കുണ്ട്. ഏതു പ്രസ്ഥാനത്തെക്കുറിച്ചുമുള്ള വസ്തുതകൾ വ്യക്തമാക്കാൻ അതിന്റെ വക്താക്കൾക്കാണല്ലോ അർഹത. ഗാന്ധിജിയെക്കുറിച്ചറിയാൻ ഗാന്ധിസാഹിത്യം വായിക്കണം. ഗോഡ്സെയുടെ ജൽപനങ്ങൾ വായിച്ചാൽ ഗാന്ധിജിയെ മനസ്സിലാക്കാനാകുമോ? ശത്രുക്കൾ പറയുന്നതല്ല, സ്വന്തക്കാർ പറയുന്നതും അവരുടെ പ്രവർത്തനങ്ങളുമാണ് വിലയിരുത്തലിനും അഭിപ്രായ രൂപവത്കരണത്തിനും ആധാരമാക്കേണ്ടത് എന്നത് സാമാന്യതത്ത്വമാണ്. ഈയൊരു വശത്തിന് ഊന്നൽ നൽകുക കൂടിയാണ് പ്രബോധകൻ തന്റെ പ്രവർത്തനത്തിലൂടെ ചെയ്യുന്നത്. ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റുധാരണകൾ നീക്കുകയെന്നത് പ്രബോധനത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. സ്നേഹസംവാദങ്ങളിലൂടെയാണ് ഇത് സാധിക്കേണ്ടത്. സമാധാനം കാംക്ഷിക്കുന്നവർ മാത്രമേ സ്നേഹസംവാദത്തിന് തയാറാകൂ.

പ്രബോധിതന്റെ സാംസ്കാരിക പശ്ചാത്തലം മാനിച്ചുകൊണ്ടുവേണം പ്രബോധനം നിർവഹിക്കാൻ. പ്രശസ്ത ചിന്തകൻ റജാഗരോഡിയുടെ നിർദേശം ശ്രദ്ധേയമാണ്. 'ഇന്ത്യയിൽ പ്രബോധനം നടത്തുമ്പോൾ മഹർഷിമാരുടെയും ഹൈന്ദവാചാര്യന്മാരുടെയും വാക്കുകൾ ഉദ്ധരിക്കണം. അവരുടെ ജീവിതമാതൃകകളും മൂല്യങ്ങളും അവതരിപ്പിക്കണം.'

ഹൃദ്യമായി സംസാരിക്കാൻ കഴിയുന്നത് ഒരനുഗ്രഹമാണ്. എന്നാൽ, സംഭാഷണ ചാതുരിയില്ലെന്നു വെച്ച് പ്രബോധന കർത്തവ്യത്തിൽനിന്ന് പിന്മാറാവതല്ല. പ്രബോധകൻ എന്തു പറയുന്നു എന്നതല്ല, പ്രബോധിതൻ എന്ത് ഉൾക്കൊള്ളുന്നു എന്നതാണ് പ്രധാനം. അതുകൊണ്ട് പ്രബോധിതന്റെ ജീവിതസാഹചര്യത്തിനും നിലവാരത്തിനുമനുസരിച്ച് സംവദിക്കാൻ മനസ്സുവെക്കണം. പൊതുവെ അറിയപ്പെട്ടതും അംഗീകരിക്കപ്പെട്ടതും താൽപര്യജനകവുമായ വിഷയത്തിൽനിന്ന് സംഭാഷണം ആരംഭിക്കാം. പ്രബോധകന്റെ വിജ്ഞാനപ്രകടനമല്ല, ദൈവികസന്ദേശത്തിന്റെ കൈമാറ്റമാണ് സാധിക്കേണ്ടത്. ദീൻ ഗുണകാംക്ഷയാണെന്ന പ്രവാചകവചനം പ്രബോധകന് വഴികാട്ടിയാകണം. അല്ലാഹുവിനുവേണ്ടി നിർവഹിക്കുന്ന കർമമാണെന്ന ബോധം മാത്രം മതി ഏതു കാര്യത്തിലും നമ്മെ മുന്നോട്ടു നയിക്കാനുള്ള ഇന്ധനമായി.

പ്രബോധകൻ നല്ല വായനക്കാരനായിരിക്കണം. പ്രബോധനച്ചുമതല ഏൽപിക്കുന്നതിന്റെ ആദ്യപടിയായി അല്ലാഹു പ്രവാചകനോട് വായിക്കാൻ ആവശ്യപ്പെട്ടത് ശ്രദ്ധേയമാണ്. എല്ലാവിധത്തിലുമുള്ള വായനയുമാണുദ്ദേശ്യം. പ്രപഞ്ചത്തിൽനിന്ന് ദൈവികദൃഷ്ടാന്തങ്ങൾ വായിച്ചെടുക്കുന്നതുൾപ്പെടെ. ശ്രദ്ധയും ഏകാഗ്രതയും ആവശ്യപ്പെടുന്ന വായനയാണത്. ബുദ്ധിയിൽ തിളങ്ങുന്നതും ഓർമയിൽ തങ്ങുന്നതുമാണ് മറ്റുള്ളവർക്ക് നൽകാനാവുക. വായനയിലൂടെയും ചിന്തയിലൂടെയും വിജ്ഞാനത്തിന്റെ കലവറ നിറച്ചുകൊണ്ടേയിരിക്കണം.

ആശയങ്ങളും ആദർശങ്ങളും പുസ്തകത്താളുകളിൽ ഉറങ്ങാനുള്ളതല്ല. ആളുകൾക്കിടയിൽ കൈമാറ്റം ചെയ്യപ്പെടാനുള്ളതാണ്; ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ളതാണ്. ഏട്ടിലെ പശു പുല്ലു തിന്നുകയില്ല. ഗ്രന്ഥങ്ങൾ മാത്രം പ്രബോധനച്ചുമതല നിർവഹിക്കുമെങ്കിൽ പ്രവാചകന്മാരെ അയക്കേണ്ട ആവശ്യമില്ലായിരുന്നു. ദൈവികദർശനത്തിന്റെ മാതൃക കാണിച്ചുകൊടുക്കാനുള്ള ചുമതലയായിരുന്നു പ്രവാചകന്മാർക്കുണ്ടായിരുന്നത്. പ്രവാചകന്മാരുടെ സ്ഥാനത്താണിന്ന് പ്രബോധകന്മാർ.

'പ്രപഞ്ചനാഥന്റെ മാർഗത്തിലേക്ക് ന്യായവാദങ്ങളിലൂടെയും സദുപദേശങ്ങളിലൂടെയും ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും നല്ല നിലയിൽ അവരുമായി സംവാദം നടത്തുക' (*അന്നഹ്ൽ* 125). പ്രബോധനരീതിയെപ്പറ്റി ഇത്ര ലളിതമായി എന്നാൽ സമഗ്രമായി വിവരിക്കുന്ന വരികൾ വേറെ കണ്ടെത്തുക സാധ്യമല്ല. ഈ കൊച്ചു വാക്യങ്ങളിൽ പ്രബോധനകലയുടെ മുഴുവൻ സത്തയും അടങ്ങിയിരിക്കുന്നു. ■